LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. വിഭാഗങ്ങളുടെ കാര്യക്ഷമത

178 (3610) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ഉല്പാദനം, പ്രസരണം, വിതരണം എന്നീ വിഭാഗങ്ങൾ കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉൽപ്പാദന വിഭാഗം കാര്യക്ഷമമാക്കുന്നതിന്, പുതുതായി 11 ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി 114 മെഗാവാട്ട് അധികമായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.* കൂടാതെ ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നവ പൂർത്തിയാക്കി അവ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. ഇതിനുപുറമെ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലമുപയോഗിച്ച്, 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാ പഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ്, ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്. പ്രസരണ മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സാങ്കേതിക പഠനം നടത്തി ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക, കാലപ്പഴക്കം ചെന്ന ഉപകരണങ്ങൾ മാറ്റി പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരികയും വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് മുഖ്യമായും ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി 21 സബ്സ്റ്റേഷനുകളും (പുതിയ സബ്സ്റ്റേഷനുകൾ, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടെ) അനുബന്ധ ലൈനുകളുമാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും പ്രസരണ ശൃംഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ KIIFB, PSDF ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 സർക്യൂട്ട് കി.മീ.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

400 കെ.വി ലൈനും 845 സർക്യൂട്ട് കി.മീ 220 കെ.വി ലൈനും 820 കി.മീ 110 കെ.വി ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന 5 പാക്കേജുകളുമുണ്ട്. ഇതിൽ 1589 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. പൂർത്തിയായ പദ്ധതികളിൽ 5 സബ്സ്റ്റേഷനുകളും 178 സർക്യൂട്ട് കി.മീ 400 കെ.വി ലൈനും 465 സർക്യൂട്ട് കി.മീ 220 കെ.വി ലൈനും 548 സർക്യൂട്ട് കി.മീ 110 കെ.വി ലൈനും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ KIIFB, MNRE എന്നിവയുടെ ധനസഹായത്തോടെ 3414 കോടി രൂപയുടെ പദ്ധതികളിലായി 13 സബ്സ്റ്റേഷനുകളും 11 ലൈൻ പാക്കേജുകളിലായി 248 സർക്യൂട്ട് കി.മീ. 400 കെ.വി ലൈനും 877 സർക്യൂട്ട് കി.മീ. 220 കെ.വി ലൈനും 786 കി.മീ. സർക്യൂട്ട് 110 കെ.വി ലൈനും പൂർത്തീകരിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടം 2022- ലും രണ്ടാം ഘട്ടം 2024-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) കെ.എസ്.ഇ.ബി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ?

2019-20-ലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം, കെ.എസ്.ഇ.ബി. ലിമിറ്റഡ് 269.55 കോടി രൂപയുടെ നഷ്ടത്തിലാണ്.

(സി) വൈദ്യുതി നൽകിയ വകയിൽ കെ.എസ്.ഇ.ബി.-ക്ക് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനായി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കുടിശ്ശിക ഈടാക്കാൻ കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2016-ലും 2018-ലും 2019-ലും 2021-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. KSERC-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്കുവിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്ക വിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly